എക്സൈസും, വ്യവസായവും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണരാമൻ):

(എ) ഇല്ല.

(ബി) എയുടെ ഉത്തരത്തിൽ ബി ഉദിക്കുന്നില്ല.

സക്കാർ ഡിസ്റ്റിലറികൾ

* ൭൪. (൧൦൧) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ്സ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സക്കാർവക എത്ര ഡിസ്റ്റിലറികൾ ഇപ്പോൾ ഉണ്ട്;

(ബി) എന്തു വ്യവസ്ഥയിൽ അതൊക്കെല്ലാം കൊടുത്തിരിക്കുന്നു;

(സി) ഇപ്പോൾ സ്വീകരിച്ചു നയം സാധാരണ കീഴ്നടപ്പിനു് വിരുദ്ധമാണോ;

(ഡി) കഴിഞ്ഞ അഞ്ചു കൊല്ലങ്ങളിൽ പ്രതിവർഷം ഇവയിൽനിന്നും ഗവൺമെൻറിലേക്ക് എന്തു വീതം കിട്ടിയിരിക്കുന്നു?

എക്സൈസും, വ്യവസായവും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണരാമൻ):

(എ) ഒന്നു, അതായതു് തൃശ്ശൂർ ഡിസ്റ്റിലറി.

(ബി) കൊച്ചി പ്രദേശത്തിലേക്കു ചാരായം വിതരണം ചെയ്യാൻ കരാറുകപിടിച്ചിട്ടുള്ള ശ്രീ. പി. ജെ. ജാർജ്ജിനു പ്രസ്തുത ഡിസ്റ്റിലറി താഴെ പറയുന്ന വ്യവസ്ഥകളനുസരിച്ചു കൊടുത്തിട്ടുണ്ടു്.

(൧) കണ്ടോൺമെൻറ് മാസം ഒന്നാം തീയതി ൧൦൦ ഗ്യാലൻ ചാരായം ഒന്നിനു ൧൦ രൂപാ വീതം കണക്കു വച്ചു വൈസാവാടക കൊടുക്കണം.

(൨) ഡിസ്റ്റിലറി കെട്ടിടങ്ങൾക്കും യന്ത്രങ്ങൾക്കും ഉണ്ടാകാവുന്ന ചില്ലറ അറ്റകുറ്റങ്ങൾ കണ്ടോൺമെൻറ് ശരിപ്പെടുത്തണം.

(൩) കെട്ടിടം യന്ത്രം മുതലായവയുടെ സൂക്ഷിപ്പിനു കണ്ടോൺമെൻറ് ഉത്തരവാദിയാണു്. ഇതു സംബന്ധിച്ചു് വല്ല നഷ്ടവും ഗവൺമെൻറിനു ഉണ്ടാകുന്നപക്ഷം അതു കണ്ടോൺമെൻറിൽനിന്നും ഈടാക്കുന്നതാണു്.

(സി) അല്ലാ.

(ഡി) ആവശ്യപ്പെട്ടിട്ടുള്ള വിവരം രേഖപ്പെടുത്തുവരുന്നു.

പഞ്ചായത്തു തെരഞ്ഞെടുപ്പു്

* ൭൫. (൧൦൩) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പഞ്ചായത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചിയിലെ പഞ്ചായത്തു തെരഞ്ഞെടുപ്പു കഴിഞ്ഞു് എത്ര കൊല്ലമായി;

(ബി) ഇപ്പോൾ ടി തെരഞ്ഞെടുപ്പു നീട്ടിക്കൊണ്ടു പോകുന്നതിൻെറ കാരണമെന്തു്;

(സി) എപ്പോൾ തെരഞ്ഞെടുപ്പു നടത്താമെന്നുദ്ദേശിക്കുന്നു?

എക്സൈസും, വ്യവസായവും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കണ്ണരാമൻ):

(എ) കൊച്ചിയിലെ കഴിഞ്ഞ പഞ്ചായത്തു തെരഞ്ഞെടുപ്പു ൧൯൫൪, ൧൯൫൫ എന്നീ വർഷങ്ങളിലായിരുന്നു.

(ബി) പുതിയ പഞ്ചായത്താക്ടു് പ്രകാരം തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തിലെ പഞ്ചായത്തുകളുടെ പുനഃസംഘടന പൂർത്തിയാകുന്നതുവരെ പഞ്ചായത്തു തെരഞ്ഞെടുപ്പു നടത്താൻ നിവൃത്തിയില്ല.

(സി) ൧൯൫൭ ആദ്യമാസങ്ങളിൽ.

LIBRARY ARCHIVES Kerala Legislative Assembly